# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.413 27/09/2016-ൽ മറുപടിക്ക്

## വൈദ്യുതി കണക്ഷൻ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | വൈദ്യുതി കണക്ഷന് അപേക്ഷിച്ചാൽ നിലവിൽ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (എ) | സാധാരണ സാഹചര്യങ്ങളിൽ റെഗുലേറ്ററി കമ്മീഷൻ നിഷ്കർഷിക്കുന്ന സമയപരിധിക്കുള്ളിൽ വൈദ്യുത കണക്ഷനുകൾ നൽകാറുണ്ട്. എന്നാൽ നടപടിക്രമങ്ങളുടെ ആധിക്യം മൂലം കാലതാമസം അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കാൻ റഗുലേറ്ററി കമ്മീഷന് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ബി) | വൈദ്യുതി കണക്ഷനു വേണ്ടി പോസ്റ്റ് നടുന്നതിനായി 12000 രൂപ വരെ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തുക ബി.പി.എൽ. കാർക്കും എസ്.സി./ എസ്.റ്റി വിഭാഗകാർക്കും ഒഴിവാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | വൈദ്യുതി കണക്ഷൻ നൽകാൻ ചിലവാകുന്ന തുക റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച നിരക്കിലാണ് ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുന്നത്. കൂടുതൽ ദൂരത്തിൽ ലൈൻ വലിക്കേണ്ടി വരുമ്പോഴും, പോസ്റ്റുകൾ, സ്റ്റേ തുടങ്ങിയവ അധികമായി ആവശ്യം വരുമ്പോഴും ഇത് ചിലപ്പോൾ 12000 രൂപയിൽ അധികമായി വന്നേക്കാം. നിരക്കുകൾ ജനോപകാരപ്രദമായി പരിഷ്കരിക്കാൻ റഗുലേറ്ററി കമ്മീഷന് സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. വൈദ്യുത കണക്ഷൻ നൽകാനാവശ്യമായ തുക ഉപഭോക്താവിൽ നിന്ന് മുൻകൂറായോ അല്ലെങ്കിൽ സർക്കാർ സഹായമായോ ലഭിച്ചിരിക്കണം എന്നാണ് നിയമം അനുശാസിക്കുന്നത്. എസ്.സി/എസ്.റ്റി ഉൾപ്പെടെയുള്ള ബി.പി.എൽ വിഭാഗ |

| | | | |
|---|---|---|---|
| | | | ക്കാർക്ക് ഗ്രാമ പ്രദേശങ്ങളിൽ ഡി.ഡി.യു.ജി.ജെ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി വൈദ്യുത കണക്ഷൻ നൽകി വരുന്നുണ്ട്. നഗര പ്രദേശങ്ങളിൽ ബി.പി.എൽ വിഭാഗത്തിൽ വരുന്ന ഉപഭോക്താക്കൾക്ക് വെതർ പ്രൂഫ് സർവീസ് നൽകുമ്പോൾ ചെലവാകുന്ന തുക സർക്കാർ വിഹിതമായി ലഭിക്കുമെന്ന പ്രതീക്ഷയിൽ ടി തുക കൺസ്യൂമറിൽ നിന്ന് ഈടാക്കാതെ കണക്ഷൻ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സമ്പൂർണ്ണവൈദ്യുതീകരണ പദ്ധതിയിലൂടെ മുഴുവൻ ദുർബല വിഭാഗങ്ങൾക്കും വൈദ്യുതി എത്തിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ